# കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ

ഫോൺ 2369007, 2369196
2369143, 2369149
2369197, 2369069
ഫാക്സ് 91484–2369023

കോർപ്പറേഷൻ ഓഫീസ്
പി.ബി നമ്പർ 1016
എറണാകുളം, കൊച്ചി–682011

No. ISO/CER4/14576/23 തീയതി: 13.02.2024

## വസ്തു നികുതി പരിഷ്ക്കരണം – പുനഃക്രമീകരിച്ച അന്തിമ വിജ്ഞാപനം

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ (4) & (5) ഉപചട്ടങ്ങൾ പ്രകാരം വസ്തു നികുതി നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിനായി കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ പ്രസിദ്ധപ്പെടുത്തുന്ന പുനഃക്രമീകരിച്ച അന്തിമ വിജ്ഞാപനം.

കൊച്ചി നഗരസഭയിൽ നിലവിലുള്ള വസ്തുനികുതി സേവന ഉപനികുതി നിരക്കുകൾ 01/04/2023 തീയതി മുതൽ പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കുന്നതിന് നഗരസഭാ കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. കൊച്ചി നഗരസഭാ പ്രദേശത്ത് നിലവിലിരിക്കുന്ന അടിസ്ഥാന വസ്തു നികുതി നിരക്കുകൾ സർക്കാർ വിജ്ഞാപനം ചെയ്ത് കൂടിയതും കുറഞ്ഞതുമായ പരിധികൾക്ക് വിധേയമായി 01/04/23 പ്രാബല്യത്തിൽ നിലവിൽ വന്നിട്ടുള്ളതാണ്. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 233–ാം വകുപ്പ് 4–ാം ഉപവകുപ്പ് പ്രകാരം ഓരോ അഞ്ചു വർഷക്കാലയളവിലേക്കും പ്രാബല്യത്തിൽ വരുത്തേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ സർക്കാർ നിശ്ചയിക്കുന്ന പരിധികൾക്ക് വിധേയമായി നഗരസഭാ പ്രദേശത്ത് 01/04/2023 തീയതി മുതൽ തുടങ്ങുന്ന 5 വർഷക്കാലയളവിൽ ഓരോ വിഭാഗം കെട്ടിടങ്ങൾക്കും അവയുടെ ഉപവിഭാഗങ്ങൾക്കും ബാധകമായിരിക്കേണ്ട വസ്തുനികുതി നിരക്കുകളുടെ കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ 05/04/2023 ലെ സ.ഉ.(അച്ചടി) 26/2023/എൽ.എസ്.ജി.ഡി നമ്പർ വിജ്ഞാപന പ്രകാരം സർക്കാർ നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതാണ്. കേരള മുനിസിപ്പാലിറ്റി ആക്ട് 233–ാം വകുപ്പ് (2)–ാം ഉപവകുപ്പ് (സി) ഖണ്ഡിക പ്രകാരം ഓരോ അഞ്ചു വർഷം കുടുമ്പോഴും നിശ്ചയിക്കുന്ന വസ്തുനികുതി നിരക്കുകൾ

അതിന് മുൻ വർഷത്തിൽ നിലവിലുള്ള നിരക്കിന്റെ 5% കൂടിയ തുകയേക്കാൾ കുറവായിരിക്കുവാൻ പാടില്ലാത്തതാണ്.

മേൽ സാഹചര്യത്തിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള പരിധികൾക്ക് വിധേയമായും ആക്ടിലെ 233–ാം വകുപ്പ് (2)–ാം ഉപവകുപ്പ് (സി) ഖണ്ഡികയിലെ വ്യവസ്ഥകൾക്ക് വിധേയമായും കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ വിവിധ ഇനം കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കും തറവിസ്തീർണ്ണത്തിനോ/ എണ്ണത്തിനോ ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ ചുവടെ ചേർക്കും പ്രകാരം നഗരസഭ കൗൺസിൽ 09.01.2024 ലെ 5–ാം നമ്പർ തീരുമാന പ്രകാരം അന്തിമമായി തീരുമാനിച്ചിട്ടുള്ളതാണ്. **നഗരസഭാ പ്രദേശത്ത് 01/04/2023 തീയതി മുതൽ തുടങ്ങുന്ന 5 വർഷക്കാലയളവിൽ ഓരോ വിഭാഗം കെട്ടിടങ്ങൾക്കും അവയുടെ ഉപവിഭാഗങ്ങൾക്കും ബാധകമായിരിക്കേണ്ട വസ്തുനികുതി നിരക്കുകളുടെ കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ 05/04/2023 ലെ സ.ഉ.(അച്ചടി) 26/2023/എൽ.എസ്.ജി.ഡി നമ്പർ വിജ്ഞാപന പ്രകാരം സർക്കാർ നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതാണ്. ആയത് പ്രകാരം അടിസ്ഥാന വസ്തു നികുതിയുടെ കുറഞ്ഞത്/കൂടിയത് നിരക്കുകളുടെ അടിസ്ഥാനത്തിൽ 3b, 4a, 4b, 5b, 5e എന്നീ വിഭാഗങ്ങളിൽപ്പെട്ട കെട്ടിടങ്ങളുടെ ഉപവിഭാഗങ്ങൾ പുനഃക്രമീകരിച്ച നികുതി നിരക്കുകൾ ചുവടെ ചേർക്കുന്നു.**

| | **കെട്ടിടങ്ങളുടേയും ഉപവിഭാഗങ്ങളുടേയും വിവരണം** | **അന്തിമമായി നിശ്ചയിച്ച അടിസ്ഥാന വസ്തുനികുതി നിരക്കുകൾ (2023–24 വർഷം)** |
|---|---|---|
| **1** | **പാർപ്പിട ആവശ്യത്തിനായി ഉപയോഗിക്കുന്നവ** | |
| a | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും, ഒന്നോ അതിലധികമോ മുറികൾ വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ) – 300 ച.മീ. വരെയുള്ളവ | 21/- |
| b | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും, ഒന്നോ അതിലധികമോ മുറികൾ വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ) – 300 ച.മീ. ന് മുകളിലുള്ളവ ഹോം സ്റ്റേ | 21/- |
| c | സ്വകാര്യ ഹോസ്റ്റൽ | 100/- |

| | | |
|---|---|---|
| d | റിസോർട്ട് | 95/- |
| e | ലോഡ്ജ്, ഹോട്ടൽ ഉൾപ്പെടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ – 300 ച.മീ. വരെയുള്ളവ | 80/- |
| f | ലോഡ്ജ്, ഹോട്ടൽ ഉൾപ്പെടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ – 300 ച.മീ. മുകളിലുള്ളവ | 90/- |
| **2** | **വ്യവസായിക ആവശ്യത്തിന് ഉപയോഗിക്കുന്നവ (ഇവയുടെ ആവശ്യത്തിനായുള്ള ഓഫീസ് കെട്ടിടങ്ങൾ ഉൾപ്പെടെ)** | |
| a | i) പരമ്പരാഗത വ്യവസായ യൂണിറ്റുകൾ (കൈത്തറി ഷെഡ്, കയർപിരി ഷെഡ്, കശുവണ്ടി ഫാക്ടറി ഷേഡ്, മത്സ്യ സംസ്കരണ ഷെഡ്, മൺപാത്ര നിർമ്മാണ ഷെഡ്, കൈത്തൊഴിൽ ഷെഡ് തുടങ്ങിയവ ഉൾപ്പെടെ)<br>ii) കോഴിവളർത്തൽ ഷെഡ്, ലൈവ് സ്റ്റോക്ക് ഷെഡ്, പട്ടുനൂൽ ഷെഡ്, സ്റ്റോറേജ് ഷെഡ്<br>iii) ഇഷ്ടിക ചൂള, തടി മിൽ | 22/-<br>25/-<br>40/- |
| b | MSME Act 2006 പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ<br>a) Micro Sector<br>b) Small Sector<br>c) Medium Sector | <br>25/-<br>25/-<br>40/- |
| c | ഇതര വ്യവസായ ആവശ്യത്തിനുള്ളവ | 95/- |
| **3** | **വിദ്യാഭ്യാസങ്ങൾക്കോ ആശുപത്രികൾക്കോ ആയി ഉപയോഗിക്കുന്നവ** | |
| a | വിദ്യാഭ്യാസ ആവശ്യത്തിനുള്ളവ (വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും, വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രമായി ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, കാന്റീൻ തുടങ്ങിയവ ഉൾപ്പെടെ) | 21/- |
| b | ആശുപത്രി | 30/- |
| **4** | **അമ്യൂസ്മെന്റ് പാർക്കുകൾ, മൊബൈൽ ടെലിഫോൺ ടവർ എന്നിവയ്ക്കായി ഉപയോഗിക്കുന്നവ** | |
| a | അമ്യൂസ്മെന്റ് പാർക്കുകൾ | 60/- |
| b | മൊബൈൽ ടെലിഫോൺ ടവർ | 700/- |
| c | ടെലികമ്മ്യൂണിക്കേഷൻ പോളുകൾ (ഓരോന്നിന്) | 700/- |
| **5** | **വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നവ** | |
| a | 100 ച.മീ. വരെയുള്ളവ | 95/- |
| b | 100 ച.മീ. മുകളിൽ 500$m^2$ വരെ | 125/- |
| c | 500 ച.മീ. മുകളിലുള്ളവ | 126/- |
| d | മാളുകൾ | 168/- |
| e | സ്വതന്ത്രമായി നിൽക്കുന്നതും മാറ്റിസ്ഥാപിക്കാനാകുന്നതുമായ ബങ്കുകൾ, പെട്ടിക്കടകൾ | 22/- |
| **6** | **മറ്റ് ആവശ്യങ്ങൾക്കുപയോഗിക്കുന്നവ** | |
| a | അസംബ്ലി ബിൽഡിംഗ് (കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, സിനിമ തിയേറ്റർ, കല്യാണ മണ്ഡപം തുടങ്ങിയവ ഉൾപ്പെടെ) | 63/- |

| | | |
|---|---|---|
| b | ഓഫീസ് കെട്ടിടങ്ങൾ<br>i) സർക്കാർ ഓഫീസുകൾ<br>ii) മറ്റ് ഓഫീസുകൾ | <br>22/-<br>100/- |
| c | ഗോഡൗൺ ഉൾപ്പെടെയുള്ള സ്റ്റോറേജ് കെട്ടിടങ്ങൾ<br>i) 500 ച.മീ. വരെയുള്ളവ<br>ii) 500 ച.മീ. ന് മുകളിലുള്ളവ | <br>90/-<br>100/- |
| d | സ്വിമ്മിംഗ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ (ഫീസ് നൽകി പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്ന/വാണിജ്യ സ്വഭാവത്തോടു കൂടിയവ)<br>കുറിപ്പ്: വാസഗൃഹങ്ങളുടെ ഭാഗമായോ ഹോട്ടലുകളുടെ ഭാഗമായോ നിർമ്മിച്ചിട്ടുള്ള പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ എന്നിവയ്ക്ക് അതത് വിഭാഗത്തിന്റെ നികുതി നിരക്ക് ബാധകമായിരിക്കും. | 60/- |
| e | ആയുർവ്വേദ സുഖചികിത്സാ കേന്ദ്രങ്ങൾ | 200/- |

മേൽ നിശ്ചയിച്ച പ്രകാരമുള്ള അടിസ്ഥാന വസ്തു നികുതി നിരക്കുകൾക്ക് 2023-24 മുതൽ തുടർന്നുള്ള ഓരോ വർഷത്തിലും 5% എന്ന നിരക്കിൽ 2027-28 വർഷം വരെ ക്രമാനുഗതമായ വർദ്ധനവ് ഉണ്ടാകുന്നതാണ്.

മേഖലാ വിഭജനം, റോഡ് തരംതിരിവ്, അന്തിമ വിജ്ഞാപനം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ നഗരസഭ നോട്ടീസ് ബോർഡിലും https://tender.lsgkerala.gov.in, https://kochicorporation.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിലും പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്.

സെക്രട്ടറി
കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ

OFFICE OF THE KOCHI MUNICIPAL CORPORATION ★ ERNAKULAM, COCHIN-11 ★